# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4628 — 20.10.2011 ന് മറുപടിയ്ക്ക്

ആയൂരിൽ മാവേലി മെഡിക്കൽ സ്റ്റോർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ.റ്റി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പുനലൂർ മണ്ഡലത്തിൽപ്പെട്ട ആയൂരിൽ മാവേലി മെഡിക്കൽ സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത മാവേലി മെഡിക്കൽ സ്റ്റോർ അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (എ) &(ബി)<br>പുനലൂർ മണ്ഡലത്തിൽപ്പെട്ട പുനലൂർ നഗരത്തിൽ ഇപ്പോൾ തന്നെ ഒരു സപ്ലൈകോ മെഡിക്കൽ സ്റ്റോർ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്റ്റോറിലെ ശരാശരി വിറ്റുവരവ് പ്രതിമാസം ഒരു ലക്ഷത്തിൽ താഴെയാണ്. എന്നിരുന്നാലും പുനലൂർ മണ്ഡലത്തിലെ ആയൂരിൽ ഒരു സപ്ലൈകോ മെഡിക്കൽ സ്റ്റോർ തുടങ്ങണമെന്ന ആവശ്യം ഉയർന്നതിനെ തുടർന്ന് അതിനായി ഒരു സാധ്യതാപഠനം നടത്തുകയുണ്ടായി. പഠന റിപ്പോർട്ട് പ്രകാരം നഷ്ടം കൂടാതെ നടത്തുവാനാവശ്യമായ വിറ്റുവരവ് ലഭിക്കുവാൻ സാധ്യതയില്ലെന്നമാണ് കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് സർക്കാർ ആശുപത്രിയോ ഹെൽത്ത് സെന്ററുകളോ നിലവിൽ പ്രവർത്തിക്കുന്നില്ല. ഒരു ആയുർവേദ ആശുപത്രിയും ഒരു പ്രൈവറ്റ് ആശുപത്രിയുമാണുള്ളത്. ഗവൺമെന്റ് ആശുപത്രി പരിസരത്തോ ആശുപത്രി കോമ്പൌണ്ടിലോ അനുയോജ്യമായ കെട്ടിടത്തിന്റെയും ജീവനക്കാരുടെ |

| | |
|---|---|
| | ലഭ്യതയുമനുസരിച്ച് മാത്രമേ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കു വാനാകൂ. കൂടാതെ ഫാർമസിസ്റ്റു കളുടേയും മറ്റു ജീവന ക്കാരുടേയും ദൗർലഭ്യവും നിലനിൽക്കുന്ന സാഹ ചര്യത്തിലും ആയൂരിൽ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ തല്ക്കാലം പരിഗണിക്കാനാവില്ല.<br><br>സെക്ഷൻ ഓഫീസർ |